"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് -2022-2023 വർഷത്തെ മഴക്കാല പൂർവ്വ ശുചീകരണ - പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള ശുചിത്വമിഷൻ വിഹിതം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.1346/2022/LSGD** തീയതി,തിരുവനന്തപുരം, **31-05-2022**

---

പരാമർശം:-

1. 22.02.2022 ലെ 31/DC1/2022/LSGD നമ്പർ സർക്കുലർ.
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.04.2022-ലെ 398/D/2022/SM നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2022 -2023 വർഷത്തെ മഴക്കാലപൂർവ്വ ശുചീകരണ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയതു പ്രകാരം വാർഡ് ഒന്നിന് ചെലവഴിക്കാവുന്ന പരമാവധി തുക ചുവടെ ചേർത്തിരിക്കും പ്രകാരമാണ്:

- ഗ്രാമപഞ്ചായത്ത്/ നഗരസഭ - 30,000/-രൂപ (ശുചിത്വമിഷൻ വിഹിതം - 10,000/- രൂപ, നാഷണൽ ഹെൽത്ത് മിഷൻ വിഹിതം -10000/-രൂപ, തനത് ഫണ്ട് വിഹിതം -10,000/- രൂപ )
- മുനിസിപ്പൽ കോർപറേഷൻ - 40,000/-രൂപ (ശുചിത്വമിഷൻ വിഹിതം - 20,000/- രൂപ, നാഷണൽ ഹെൽത്ത് മിഷൻ വിഹിതം -10000/-രൂപ, തനത് ഫണ്ട് വിഹിതം -10,000/- രൂപ )

2. ശുചിത്വമിഷൻ വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള കാലതാമസം കണക്കിലെടുത്ത് 2022-2023 -വർഷത്തെ മഴക്കാലപൂർവ ശുചീകരണ-പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ശുചിത്വമിഷൻ വിഹിതമായ, ഗ്രാമപഞ്ചായത്ത്/ നഗരസഭകൾക്ക് വാർഡ് ഒന്നിന് 10,000/- രൂപയും, കോർപ്പറേഷൻ വാർഡ് ഒന്നിന് 20,000/- രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നും ഇപ്രകാരം ചെലവഴിക്കുന്ന തുക 2022-2023 വർഷത്തെ ശുചിത്വ മിഷൻ വിഹിതം അനുവദിക്കുന്ന മുറയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റീഇമ്പേഴ്സ് ചെയ്ത് നൽകുന്നതാണ് എന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2022-2023-വർഷത്തെ മഴക്കാലപൂർവ ശുചീകരണ - പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ശുചിത്വമിഷൻ വിഹിതമായ, ഗ്രാമപഞ്ചായത്ത്/ നഗരസഭകൾക്ക് വാർഡ് ഒന്നിന് 10,000/- രൂപയും, കോർപ്പറേഷൻ വാർഡ് ഒന്നിന് 20,000/- രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. ഇപ്രകാരം ചെലവഴിക്കുന്ന തുക, 2022-2023 വർഷത്തെ പ്ലാൻ പദ്ധതിയിൽ ശുചിത്വ മിഷൻ വിഹിതം അനുവദിക്കുന്ന മുറയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റീ ഇമ്പേഴ്സ് ചെയ്ത് നൽകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ .എസ് .കണ്ണൻ**

**സ്പെഷ്യൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ,തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Harikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്